sincerity, driven by selfish ambition, *eritheia* came to signify self seeking. Envy and selfish ambition are centered on self; they are not the wisdom from God. Instead of meekness, what is seen among people is self interest. Their claim that they are wise and understanding becomes mere boasting and lying against the truth. *"Such 'wisdom' does not come down from heaven but is earthly, unspiritual, demonic" (James 3:15, NIV).*

James sets in front of us two kinds of wisdom with opposite characters. The wisdom from above begins in God, learns what is of God, and leads back to God. The wisdom "from below" begins with the devil, learns what is demonic, and returns to the devil; it is earthly and natural. "Earthly" names what stands opposite the heavenly (John 3:12; 1 Corinthians 15:40; 2 Corinthians 5:1; Colossians 3:2). "Unspiritual" or "natural" is what stands opposite the spiritual or glorified.

*"For where you have envy and selfish ambition, there you find disorder and every evil practice" (James 3:16, NIV).* Disorder and evil practice cannot be separated; they are the mark and the fruit of demonic wisdom. Divine wisdom produces a good way of life; demonic wisdom produces an evil way of life. Just as God is not a God of disorder (1 Corinthians 14:33), so divine wisdom is not a wisdom of confusion. The lifestyle that yields order and good practices is the lifestyle of divine wisdom.

## The eight traits of wisdom

*"But the wisdom that comes from heaven is first of all pure; then peace loving, considerate, submissive, full of mercy and good fruit, impartial and sincere" (James 3:17, NIV).* In defining the wisdom from above, James gives a list of eight traits. Paul likewise sets before believers eight qualities on which they should fix their thoughts (Philippians 4:8). James's description of wisdom resembles the eight beatitudes in the Sermon on the Mount. He explains the character of wisdom in four pairs: purity and peace; gentleness and submissiveness; mercy and fullness of good fruit; the absence of partiality and the absence of hypocrisy.

The order is significant: first purity, then peace; calm within, then submissiveness without; mercy toward others, good fruit within oneself; impartiality toward humans, genuineness before God.

## Purity and peace

The wise king Solomon said of wisdom: *"Wisdom, like an inheritance, is a good thing and benefits those who see the sun. Wisdom is a shelter as money is a shelter, but the advantage*

*of knowledge is this: Wisdom preserves those who have it" (Ecclesiastes 7:11–12, NIV).*

Wisdom from above preserves the life of the wise person. Its first trait is purity; only then comes peace. Peace is not the forerunner of purity; rather, purity comes first and peace follows. The word used for purity is *hagnos*, meaning holy, chaste, undefiled, clean in character. Purity is the prelude to peace. In the beatitudes Jesus declares blessed both *"the pure in heart" and "the peacemakers" (Matthew 5:8–9, NIV),* and there too the order is first purity of heart, then peace. Purity of heart is the condition for seeing God; peace is the fruit of walking in obedience and harmony with God.

An unclean way of life throws the conscience off rhythm, shuts a person into the prison of guilt, and thrusts peace away. Joseph and Daniel understood this. Generally, holiness first and then peace is the order. Though Hebrews does not stress the sequence, it joins holiness and peace together: *"Make every effort to live in peace with everyone and to be holy" (Hebrews 12:14, NIV).*

## Gentleness and submissiveness

Wisdom from above is also gentle and submissive. The Greek word translated "considerate" or "gentle" is *epieikçs*, carrying meanings such as gracious, courteous, respectful of others' feelings and thoughts. It shows the depth of heavenly wisdom. "Submissive" describes a temper that is open to persuasion and ready to yield. It is like receiving military discipline without a spirit of rivalry. One who keeps a submissive heart toward God and God's ordinances can enjoy inner calm.

## Mercy and good fruit

Heavenly wisdom is "full of mercy and good fruit" (James 3:17, NIV). The adjective "full" applies to both mercy and good fruit. The Greek word for mercy is *eleos*; it is not only an emotion but an action. Its Old Testament counterpart is *hesed*, that covenant faithfulness and lovingkindness of God that flows out of a committed relationship. God's *hesed* is his loving, endless mercy. The behavior of the good Samaritan toward the wounded man illustrates this mercy in its attitude, form, and deed (Luke 10:30–37).

"Good fruit" points to good works. Wisdom from above cannot be barren. The "fruit of the Spirit" is listed elsewhere (Galatians 5:22–23), but here James does not list the individual fruits. A wise person is like a good tree heavy with fruit. Though the tree bears its fruit in itself, others are the ones who benefit from it. The wise person not only shows mercy toward others but also shares with them the sweetness of good deeds.

> An unclean way of life throws the conscience off rhythm, shuts a person into the prison of guilt, and thrusts peace away. Joseph and Daniel understood this

## Without partiality and without hypocrisy

Wisdom from above is *"impartial and sincere" (James 3:17, NIV).* Having stated three pairs of traits positively, James now speaks of the last pair in negative terms. Wisdom from above is *adiakritos* and *anupokritos*: without partiality and without hypocrisy. *Adiakritos* means without discrimination or favoritism; *anupokritos* means without play acting, without a mask, genuine. The term *adiakritos* is found only here in the New Testament. To treat all people justly without favoritism is to be *adiakritos*. To stand before God and people without a mask, keeping one's true self, is to be *anupokritos*.

The wise person's life is not like acting a role on a stage. It is genuine and transparent. The wise person does not carry wisdom about for display. Wisdom is like a pen, a watch, or spectacles that one carries for use. Information can be memorized, but wisdom is not like that; it is practical understanding. Wisdom not only tells a person what, in the end, ought to be done in a given matter; it also shows what should be done next.

## Peace and righteousness

*"Peacemakers who sow in peace reap a harvest of righteousness" (James 3:18, NIV).* Paul too uses the picture of sowing and reaping:

*"Do not be deceived: God cannot be mocked. A man reaps what he sows. Let us not become weary in doing good, for at the proper time we will reap a harvest if we do not give up. Therefore, as we have opportunity, let us do good to all people, especially to those who belong to the family of believers" (Galatians 6:7, 9–10, NIV).*

James compares peacemakers to sowers. The seed they sow is peace; the harvest they reap is righteousness. Naturally we might think that sowing peace would yield peace. Why then does James speak of sowing peace and reaping righteousness? The sons of Korah sing, *"Righteousness and peace kiss each other" (Psalm 85:10, NIV).* Isaiah likewise says, *"The fruit of that righteousness will be peace" (Isaiah 32:17, NIV).* In the Jewish view, righteousness and peace are not two separate things; they are inseparable. So, when righteousness is sown, peace is reaped, and when peace is sown, righteousness is reaped. The writer to the Hebrews also says that the peaceful fruit is righteousness (Hebrews 12:11). Where there is righteousness, there is peace (Romans 5:1). For James, as with purity and then peace, so it is righteousness and then peace.

# Children's corner

## "LORD IS MY HELPER"



"Let the little children come to me and do not hinder them"



Beena Aunty

Jimmy was 12 years old and lived with his family in a small town. He enjoyed watching others play football on the ground, located a short distance from his house. He would join in the game occasionally but was afraid to play regularly. The reason for being afraid to play football regularly was that when he was 10 years old and played with his friends, a football hit his face. Since then, he would primarily watch others play football instead of playing the game.

Every day after school, Jimmy stopped at the school grounds to watch the school football team practice. On a particular day, Jimmy noticed that there were several new faces on the grounds. It was try-out day for the football team. Jimmy found a spot to sit and watch the try-outs.

As the try-outs progressed, one of the coaches noticed Jimmy. He walked over to where Jimmy was sitting and asked him if he wanted to tryout. Jimmy politely said no. The coach said OK and walked back to what he was doing.

After some more time had passed, one of Jimmy's friends and the coach came to Jimmy to invite Jimmy once more to try-out. Jimmy's friend explained to the coach the reason for Jimmy's reluctance to try-out or play football. In the meanwhile, Jimmy had been thinking about whether he wanted to do it. He remembered a verse he learnt recently that gave him confidence, Hebrews 13:6: "So we say with confidence, The Lord is my helper; I will not be afraid…" Jimmy prayed a small prayer asking God to help him and went with the coach for try-outs.

Whatever be the task in front of us, lets take the first step of asking God to help us with the task. We read in Matthew 10:31, "So don't be afraid; you are worth more than many sparrows". This means that God is aware of everything that happens, whether to sparrows or to us.

Our God places great value on each person, and we do not need to be afraid of things around us. Jesus died on the cross just for us – to save us. Let us accept Jesus as our Lord and Savior. He will be our Lord and He will help us through all situations. ●

### Jesus walks on the water





Janessa Juban
Dubai

### Shepherd looks for his lost sheep





Johan Anoop
London

### Jesus on the Cross



Samuell Mathew Oommen
Mumbai



### Jesus feeds the five thousands



Jiana Jerin
Dubai



# आनंद और स्वीकृत प्रार्थनाएं

पास्टर अमित गुरनानी, मुंबई.



यहूदा के राजा हिजकिय्याह के राज्य काल में हम दो बातें देख पाते हैं। पहले है आनंद और दूसरा है स्वीकृत प्रार्थनाएं। राजा हिजकिय्याह के पिता राजा आहाज ने इस्राएल के परमेश्वर को छोड़कर अराम के ईश्वरों पर भरोसा किया और परमेश्वर के भवन को बंद करवा दिया। यूं उसने परमेश्वर की उपासना को यहूदा राज्य में प्रतिबंधित कर दिया। हिजकिय्याह को राज्य मिलने पर उसने परमेश्वर की उपासना को पुनः स्थापित किया और प्रजा के लोगों को परमेश्वर की ओर फेर दिया। परमेश्वर और उसके भवन के संबंधित कई सेवा कार्य आरंभ की। राजा हिजकिय्याह आराधना और प्रार्थना का एक पुरुष था और संपूर्ण मन से परमेश्वर पर भरोसा रखता था और उससे लिपटा रहता था। उसके दिनों यहूदा में, एक बहुत बड़ी जागृति आई जिसका प्रभाव कुछ हद तक इस्राएल में भी दिखाई दिया।

**आनंद (२ इति.२९:३६)**

राजा और प्रजा ने आनंद किया, यह आनंद कोई सांसारिक या सांसारिक आशीष प्राप्त किए जाने का नहीं था, नाही कोई मरा हुआ जी उठा या कोई विशेष चमत्कार हुआ। यह आनंद, हिजकिय्याह द्वारा यहूदा की प्रजा परमेश्वर की ओर फिर लौट आने और उसके भवन को खुलवाने और उपासना को पुन: स्थापित किए जाने का आनंद था।

इस्राएल के इतिहास में जितने भी राजा परमेश्वर के करीब रहे परमेश्वर ने उन्हें बहुत ही सामर्थी किया और कोई भी शत्रु राज्य इन पर प्रबल नहीं हो पाता था क्योंकि परमेश्वर उनके साथ रहता था उन राजाओं की सूची में से एक है, राजा हिजकिय्याह। राजा दाऊद हो या राजा हिजकिय्याह इन्होंने पहले अपने देश के भीतरी बातों का सुधार किया, सबसे पहले आराधना को परमेश्वर के अनुसार अनुशासित करना और दूसरा देश की सुरक्षा के लिए सेन्य बल को बढ़ाना और अनुशासित करना।

राजा हिजकिय्याह ने अपने राज्य यहूदा की कमियों को समझा कि परमेश्वर का क्रोध उन पर क्यों भड़का है (२९:४-११)। उसने लेवियों को ठहराकर यरूशलेम के मंदिर को शुद्ध करवाया। जिसे पूरा करने के लिए लेवी उठ खड़े हुए और अपने आप को पवित्र किया। तत्पश्चात् परमेश्वर के भवन के भीतर से अशुद्ध वस्तुओं को निकाल दिया और उसे शुद्ध करने के लिए न रुकते, न थकते सोलह दिन में इस काम को अंजाम दिया (२९:१२-१९)। शुद्धिकरण के पश्चात् राजा और हाकिमों ने हारून की संतान लेवियों द्वारा मंदिर का पुनः अर्पण किया। वहां राजा और हाकिमों द्वारा होमबलि, पापबलि अर्पण किए गए ताकि सारी इस्राएल के लिए पश्चाताप किया जा सके (२९:२०-२४)। और राजा दाऊद, दर्शी गाद और नातान नबी के अनुसार लेवियों द्वारा राजा की आज्ञा से झांझ, सारंगी, वीणा बजाई जाने लगी (२९:२५-३०)। फिर राजा की आज्ञा से मंडली ने भी मेलबलि, धन्यवादबलि और होमबलि इतने लाए कि उसे अर्पण चढ़ाने के लिए याजक भी कम पड़े तब लेवियों ने उनकी सहायता की। इस प्रकार यहोवा के भवन में की उपासना ठीक की गई और उस काम के कारण राजा और सारी प्रजा ने आनंद किया, जो यहोवा ने अपनी प्रजा के लिए तैयार किया था, वह काम एकाएक हो गया (२९:३१-३६)। राजा हिजकिय्याह, हाकिम, लेवी, याजक, प्रजा सभी ने परमेश्वर की उपासना के लिए अपने आप को अर्पण किया। और इस प्रकार यहूदा राज्य में जागृति की बड़ी लहर उठी।

यह जागृति की लहर यहूदा राज्य तक सीमित न रही परंतु इनके भाईयों के बीच इस्राएल राज्य में भी कुछ हद तक पहुंची। और इन सब ने मिलकर फसह के पर्व और अख़मीरी रोटी के पर्व को करीब पंद्रह दिनों तक बड़े ज़ोर शोर से और जोश के साथ इस जागृति की लहर में मनाया (३०:२१,२३,२५,२६)। इन पर्वों के दौरान, यहां प्रार्थना, स्तुति और वचन हुए(३०:१८,२२,२७)। यहां प्रजा ने पापांगीकार किया और याजकों ने अपने को पवित्र किया (३०:१७,२२,२४)। और इन्होंने परमेश्वर की आराधना और पर्व में बहुत ही आनंद मनाया (२९:३६; ३०:२१,२३,२५,२६)। जिन्होंने पाप के भयानक परिणाम को अपनी आंखों से देखा और जीवन में अनुभव किया, उन्होंने परमेश्वर के पास लौटने पर उतना ही अत्यधिक आनंद भी किया। और यह आनंद परमेश्वर के कारण और उसके वचन के मानने से मिलता है।

**स्वीकृत प्रार्थनाएं**

१. यहूदी प्रजा के साथ कई इस्राएली भी फसह में सहभागी हुए। परंतु वे फसह के पशु का मांस, विधि के विरोध में खाने लगे क्योंकि उन्होंने स्वयं को शुद्ध न किया था। राजा हिजकिय्याह ने उनके लिए प्रार्थना की और परमेश्वर ने उन्हें चंगा किया (३०:१८-२०)।

२. यहूदी और इस्राएली मिलकर फसह के पर्व और अख़मीरी रोटी के पर्व को पंद्रह दिन तक मनाते रहे और अंत में लेवीय राज्यों ने मूसा की व्यवस्था के अनुसार खड़े होकर प्रजा को आशीर्वाद दिया और उनकी प्रार्थना परमेश्वर के पवित्र धाम तक अर्थात स्वर्ग तक पहुंची और उनकी सुनकर परमेश्वर ने प्रजा को आशीर्वाद दिया (३०:२७)।

३. अश्शूर ने बड़े सेन्य बल के साथ यहूदा राज्य के विरुद्ध छावनी डाली और यहूदा का सेन्य बल उनके सामने बहुत ही कमजोर था। परंतु राजा हिजकिय्याह और यशायाह भविष्यवक्ता ने स्वर्ग की ओर परमेश्वर की दोहाई दी, और परमेश्वर ने अश्शूरियों को नष्ट किया और उन्हें उनके देश में वापस लौटा दिया। और उनके राजा सन्हेरीब को उसके ही देश में उसके निज पुत्रों ने तलवार से मार दिया। इस प्रकार परमेश्वर ने प्रार्थना सुनकर राजा और यरूशलेम के निवासियों को शत्रुओं के हाथ से बचाया; और चारों ओर उनकी अगुवाई भी की (३२:२०-२३)।

४. राजा हिजकिय्याह ऐसा रोगी हुआ कि वह करने पर था और यशायाह नबी ने भी उसके मरने के विषय में परमेश्वर की ओर से संदेश दिया परंतु जब राजा ने टूटकर, आंसू बहा-बहाकर प्रार्थना की तो परमेश्वर ने उसे उसकी जानलेवा बीमारी से ठीक किया (३०:२४)।

जबकि पहला भाग यह बताता है कि जब हम परमेश्वर की ओर लौटते हैं और उसकी सेवा सारे मन, बल, शक्ति और आत्मा से करते हैं, तो परमेश्वर भी अपने आनंद और पवित्रता से अपने लोगों को फिर से भर लेता है जैसा कि राजा दाऊद भी अपने भजन ५१ में परमेश्वर से प्रार्थना करता है (वाक्य २,७,८,१२)। और दूसरा भाग यह बताता है कि परमेश्वर के पास वापस लौटने वालों की वह प्रार्थना सुनता और उन्हें उत्तर देता है, उन्हें उनके शत्रुओं से बचाता और उनके रोग से भला-चंगा करता है। ■

# ലോകത്തെ ഭയപ്പെടുത്തുന്ന
# ശിഷ്യർ



**പാസ്റ്റർ ബാബു ചെറിയാൻ**

*എല്ലാവർക്കും ഭയമായി അപ്പോസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു (അ.പ്ര. 2:43-44).*

2020ലെ ലോക്ക്ഡൗൺ സമയത്ത് എല്ലാവരും ഭയത്തിൻ കീഴിൽ ആയിരുന്നു എന്നു പറഞ്ഞാൽ ആരും എതിർക്കുകയില്ലെന്ന വിശ്വസിക്കാം. മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളും പകർച്ച വ്യാധികളും ഏതെങ്കിലും ചെറിയ പ്രദേശങ്ങളെ മാത്രം ബാധിച്ചപ്പോൾ 200 ലധികം രാജ്യങ്ങളെ ഒരേ പോലെ ബാധിച്ച, ഇതുപോലെയൊരു ഭീതി നോഹയുടെ പ്രളയകാലം മാത്രമാണെന്നു തോന്നുന്നു. എന്നാൽ ഇന്ന് ലോകപോലീസായ അമേരിക്കയും സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യമായ ബ്രിട്ടനും യുദ്ധകൊതിയനായ കൊറിയൻ ഭരണാധിപനും എല്ലാം ഒരുപോലെ മരണഭീതിയിലാണ്. എന്നാൽ നാം ഇവിടെ ധ്യാനിക്കാൻ പോകുന്ന വിഷയം മറ്റൊന്നാണ്.

എല്ലാവർക്കും ഭയമായി ഇവിടെ എല്ലാവരും ഭയപ്പെട്ടത് മരണത്തെയും രോഗത്തെയുമല്ല, പോലീസിനെയും പട്ടാളത്തെയുമല്ല, പിശാചിനെയുമല്ല പിന്നെയോ ദൈവസഭയെ അത്രേ. എന്താണ് ദൈവസഭയെ ലോകം ഭയപ്പെടുവാൻ കാരണം? ഒന്നാമത്തെ കാരണം അപ്പോസ്തലന്മാരുടെ കയ്യാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു എന്നുള്ളതാണ്. അമ്മയുടെ ഗർഭം മുതൽ മുടന്തനായവനെ ഭിക്ഷ യാചിക്കുവാൻ വേണ്ടി എല്ലാദിവസവും ചുമന്നുകൊണ്ട് ദൈവാലയത്തിലിരുത്തുന്നവർ. ജീവകാരുണ്യ പ്രവർത്തനമാണോ? കമ്മീഷൻ ഏജൻസിയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ജീവകാരുണ്യ പ്രവർത്തനമായിരുന്നെങ്കിൽ അദ്ദേഹത്തെ ഇങ്ങനെ അപമാനിച്ചു പരസ്യക്കോലമാക്കേണ്ടതില്ലായിരുന്നല്ലോ. ഏതെങ്കിലും ഭവനത്തിൽ അദ്ദേഹത്തെ പാർപ്പിച്ച് ഉപജീവനത്തിനുള്ള മാർഗ്ഗം നൽകാമായിരുന്നു. എല്ലാവരോടും കൃത്യമായി ഭിക്ഷ യാചിച്ചിരുന്ന ഈ മനുഷ്യൻ അപ്പോസ്തലന്മാരോടും തന്റെ ആവശ്യം ഉന്നയിച്ചു. പത്രോസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി. ഞങ്ങളെ നോക്കുവിൻ എന്നു പറഞ്ഞു യേശുവിന്റെ നാമത്തിൽ അവനെ കൈക്കു പിടിച്ച് എഴുന്നേൽപിച്ചു. അവൻ തുള്ളിച്ചാടി ദൈവത്തെ സ്തുതിച്ചു കൊണ്ടു പോകുന്നത് കണ്ടു നിന്ന ജനം വിസ്മയവും പരിഭ്രമവും നിറഞ്ഞവരായി തീർന്നുവെന്ന് തിരുവചനം സാക്ഷിക്കുന്നു. സഭയെ ലോകം ഭയപ്പെടാനുള്ള ഒന്നാമത്തെ കാരണം ഇതാണ്. ദൈവജനമേ നമ്മൾ കർത്താവിന്റെ സഭയുടെ അംഗങ്ങളാണോ എങ്കിൽ ഭയപ്പെടേണ്ടതില്ല.

വിശ്വസിച്ചവരെല്ലാവരും ഒരുമിച്ചിരുന്നു എന്നതാണ് ലോകത്തിന് ഭയമുണ്ടാകുവാനുള്ള രണ്ടാമത്തെ കാരണം. ഐക്യത (Unity) ലോകത്തിലെവിടെയും ലഭ്യമല്ലായെന്ന് സ്വാഭാവികം മാത്രമാണ്. എന്നാൽ ദൈവസഭയ്ക്ക് ഐക്യതയില്ലായെങ്കിൽ അത് സഭയ്ക്കല്ല ഭിന്നത വരുത്തുക എന്നത് വളരെ നാളുകളായി പിശാച് മനുഷ്യരുടെ ഇടയിൽ പരിക്ഷിച്ച് വിജയം കണ്ടെത്തിയ കാര്യമാണ്. ഒന്നാമത്തെ കുടുംബത്തിൽ തന്നെ ഭിന്നത വരുത്തുവാൻ സാത്താന് കഴിഞ്ഞു എന്നുള്ളത് നാം അതീവ ഗൗരവത്തോടെ കാണേണ്ട വസ്തുതയാണ്. ഇന്ന് അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും സംസ്ഥാനത്തു മാത്രമല്ല ജില്ലകൾ തോറും മാത്രവമല്ല, ഓരോ പ്രാദേശിക സഭകളിൽപോലും ഭിന്നത തഴച്ചുവളരുകയല്ലേ. വിശ്വാസികളെ അപേക്ഷിച്ച് നേതാക്കളിലാണ് ഭിന്നത കൂടുതലെന്നും പറഞ്ഞാൽ ചിലർ പിണങ്ങുമെങ്കിലും പരമാർത്ഥികൾ ആമേൻ പറയും. അതുകൊണ്ട് തന്നെ പിശാചിന് സഭയെ ഭയമില്ല. ലോകം സഭയെ അപമാനിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നു.

മൂന്നാമത്തെ കാര്യം അവരുടെ സഹകരണ മനോഭാവമാണ്. ചിലർ പണക്കാരും ചിലർ പാവപ്പെട്ടവരും എന്ന സംവിധാനം അന്ന് സഭയിൽ ഇല്ലായിരുന്നു. കൂടുതൽ സ്വത്തുള്ളവർ അത് മറ്റുള്ളവരുമായി പങ്കുവെച്ചിരുന്നു. സ്വന്തം മാതാപിതാക്കളെയും സഹോദരി സഹോദരങ്ങളെപോലും അപായപ്പെടുത്തുകയോ ചതിക്കുകയോ ചെയ്തിട്ട് സ്വത്തുക്കൾ കൈവശപ്പെടുത്തുന്നു ഈ സമൂഹത്തിൽ സഭയിലെ സമത്വത്തിനുവേണ്ടി തങ്ങൾക്കുള്ളതിനെ പങ്കുവെക്കുന്നതു കണ്ടാൽ എങ്ങനെ അത്യാഗ്രഹികൾ ഭയപ്പെടാതിരിക്കും.

നാലാമത്തേത് പാപം മറച്ചുവെക്കുവാൻ കഴിയാത്ത ദൈവസഭയുടെ ശക്തിയാണ്. അനന്യാസ് എന്നുപേരുള്ള ഒരു വിശ്വാസി തന്റെ ഭാര്യ സഫീറയോടു ചേർന്ന് അവർക്കുള്ള ഭൂമിയിൽ കുറച്ചുള്ളത് വിറ്റു. അതിൽ കുറച്ചുപണം സ്വന്തം ആവശ്യത്തിലേക്ക് മാറ്റിവെച്ചു. അല്പം തുക അപ്പോസ്തലന്മാരുടെ കാൽക്കൽ വെച്ചു. എന്നാൽ നമ്മുടെ നോട്ടത്തിൽ നിസാരമെന്നും തോന്നാവുന്ന ഈ കുറ്റത്തിന് അവർ രണ്ട്പേരും എന്നന്നേക്കുമായി സഭയ്ക്കു പുറത്തു പോകേണ്ടി വന്നു എന്നല്ല ശവക്കുഴിയിലേക്ക് പോകേണ്ടി വന്നു എന്ന സത്യം ആരെയാണ് ഭയപ്പെടുത്താത്തത്. ഇത് കേട്ടവർക്കെല്ലാം മഹാഭയമുണ്ടായി. എന്നാൽ അ.പ്ര. 5:5 ൽ എഴുതിയിരിക്കുന്നത് വാസ്തവത്തിൽ ഇവിടത്തെ പാപം പണാപഹരണമല്ല കപട ഭക്തി മാത്രമാണ്. സ്വത്തുക്കൾ മുഴുവൻ കൊടുത്ത വിശുദ്ധന്മാരുടെ ഗണത്തിൽ കയറിപറ്റുവാൻ വേണ്ടി കുടുംബമായി കളിച്ച ഒരു നാടകത്തിന്റെ പരിണിത ഫലമാണ് ഇവിടെ കാണുന്നത്. സഭയെ ലോകവും ഗവൺമെന്റും പിശാചും അവന്റെ ദൂതന്മാരും ഭയപ്പെടേണ്ടതെങ്കിലും കാര്യങ്ങൾ ഇന്ന് നേരെ തിരിച്ചാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമുക്കു പ്രാർത്ഥിക്കാം.

## നൂറ്റാണ്ടുകളിലെ ഉണർവ്വിൻ ജ്വാലകൾ - 1

# ജോൺ ബനിയൻ



പാസ്റ്റർ വി.പി. ഫിലിഷ്

അന്ധകാര കാലഘട്ടത്തിലെ തീ ജ്വാല സുവിശേഷത്തിനുവേണ്ടി നീണ്ട 12 വർഷം കാരാഗ്രഹവാസം അനുഭവിച്ച ധീരപുരുഷനായ ജോൺ ബനിയൻ തന്നെ തടവിലാക്കിയ അധികാരികളോട് പലപ്പോഴും ഇങ്ങനെ പറയാറുണ്ടായിരുന്നു ''ഇന്നു തന്റെ ജയിൽ വിമുക്തനാകപ്പെട്ടാൽ നാളെ ഞാൻ സുവിശേഷം പ്രസംഗിക്കും''.

1628-ൽ ഇംഗ്ലണ്ടിൽ ബഡ്ഫോർഡിനടുത്തുള്ള എൽസ്റ്റോ എന്ന സ്ഥലത്ത് ജോൺ ബനിയൻ ജനിച്ചു. മാർഗരറ്റ് - തോമസ് ദമ്പതികളുടെ മകനായി ഒരു സാധാരണ കുടുംബത്തിൽ ജനിച്ച തനിക്ക് അധികം വിദ്യഭ്യാസം ചെയ്യുവാൻ കഴിഞ്ഞില്ല. നിഷേധിയും തന്റേടിയും അധാർമ്മികനും പരുക്കനുമായ ഈ ചെറുപ്പക്കാരൻ ഒരു തകരപ്പണിക്കാരന്റെ ജോലി സ്വീകരിച്ച് ജീവിതം തള്ളി നീക്കി. എന്നാൽ തന്റെ 16-ാമത്തെ വയസ്സിൽ പാർലമെന്റിന്റെ സേനയിൽ തിരഞ്ഞെടുക്കപ്പെട്ടു. ഈ അവസരത്തിൽ ഇംഗ്ലണ്ടിൽ നടന്ന ആഭ്യന്തര യുദ്ധത്തിൽ തന്റെ കഴിവു തെളിയിച്ചതിനാൽ അധികാരികൾ തന്നെ പ്രശംസിച്ചു. പള്ളിയും ആരാധനയുമൊക്കെ അന്യമായിരുന്ന ജോൺ ബനിയൻ 19-ാം വയസ്സിൽ വിവാഹിതനായി. ഭക്തയായ ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ഒരിക്കൽ താൻ പള്ളിയിൽ പോകുവാനിടയായി. അന്ന് അവിടെ വച്ച് രക്ഷയുടെ സുവിശേഷം താൻ കേൾക്കുകയും തുടർന്നുള്ള തന്റെ ജീവിതം യേശുക്രിസ്തുവിനായി സമർപ്പിക്കുകയും ചെയ്ത ജോൺ ബനിയൻ ബഡ്ഫോർഡിലുള്ള ബാപ്റ്റിസ്റ്റ് ചർച്ചിൽ അംഗമാകുകയും വിശ്വാസ സ്നാനം സ്വീകരിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ നിയോഗമനുസരിച്ച് പള്ളിയിലും അതിനടുത്തുള്ള ഗ്രാമപ്രദേശങ്ങളിലും സുവിശേഷ പ്ര സംഗം ആരംഭിച്ചു. മാത്രമല്ല അവധി ദിനങ്ങളിൽ പരസ്യസ്ഥലങ്ങൾ, ചന്തസ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം തന്റെ സുവിശേഷ പ്രവർത്തനത്തിനു വേണ്ടി താൻ തിരഞ്ഞെടുത്തു.

ജോൺ ബനിയൻ തന്റെ ജീവിത്തിൽ ലഭിക്കുന്ന സമയങ്ങളൊന്നും തന്നെ പാഴാക്കാതെ ദൈവാത്മാവ് തന്നെ പ്രസംഗിക്കുവാൻ പ്രേരിപ്പിക്കുന്ന സ്ഥലങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കുന്നതിൽ ആനന്ദം കണ്ടെത്തി. കേൾവിക്കാരില്ലാതിരുന്ന ഒരു അവസരത്തിൽ താൻ വയലിലെ പറവകളെ നോക്കി പ്രസംഗിച്ചതായി പറയപ്പെടുന്നു. എന്റെ പ്രസംഗം വലിയ സമൂഹത്തെ ആകർഷിക്കുവാൻ പോകുന്നതായിരുന്നു.

1658-ൽ തന്നെയും തന്റെ മക്കളെയും ഈ ഭൂമിയിലാക്കിയിട്ട് തന്റെ ഭാര്യ എന്നന്നേക്കുമായി ഈ ലോകത്തോട് വിടപറഞ്ഞു. നിനച്ചിരിക്കാത്ത സമയത്തിൽ തന്റെ ജീവിതത്തിൽ കടന്നുവന്ന ഈ അനർത്ഥം തന്നെ തളർത്തി എന്ന് മാത്രമല്ല, തന്റെ ശുശ്രൂഷയിൽ താങ്ങും തണലുമായി നിന്ന തന്റെ ഭാര്യയുടെ ദേഹവിയോഗം താങ്ങാനാവുന്നതിലും അപ്പുറമായിരുന്നു. സാമ്പത്തികമായും മാനസികമായും അധഃപതിച്ച ജോൺ ബനിയൻ ക്ഷയരോഗം പിടിപെട്ടു. ഈ സമയമെല്ലാം പാട്ടും പ്രാർത്ഥനയും പ്രസംഗത്തിലൂടെയും താൻ ആശ്വാസം കണ്ടെത്തി. അസൂയാലുക്കളായ ശത്രുക്കൾ കള്ളക്കഥകളും മറ്റും പ്രചരിപ്പിച്ചതിനാൽ ന്യായവിസ്താര സഭയിൽ പോലും പോകേണ്ടിവന്നു. ഇതൊന്നും തന്റെ മനസ്സിനെ തളർത്തിയില്ല. ആയതിനാൽ താൻ ഓടി നടന്ന് തിരുവചനം പ്രസംഗിച്ചു. തന്റെ കുഞ്ഞുങ്ങളുടെ ഭാവി, നിരന്തരമായ സുവിശേഷ പ്രവർത്തനം, ശത്രുക്കളിൽ നിന്നുള്ള പരിഹാസം, തുടർമാനമായ ദാരിദ്ര്യം എന്നിവയെല്ലാം മറ്റൊരു വിവാഹത്തെക്കുറിച്ചുള്ള ചിന്ത തന്നിൽ ജ്വലിപ്പിച്ചു. അങ്ങനെ 1659-ൽ തന്റെ ഭാര്യ മരിച്ച് ഒരു വർഷമായപ്പോൾ സംസ്കാര സമ്പന്നയും ദൈവഭക്തയും സുന്ദരിയുമായ പരിനേഴുകാരി എലിസബത്തിനെ മുപ്പത്തിയൊന്നാമത്തെ വയസ്സിൽ ജോൺ ബനിയൻ വിവാഹം ചെയ്തു.

എല്ലാ സാഹചര്യങ്ങളും തനിക്ക് അനുകൂലമായിരുന്നു. 1659-ൽ ചാൾസ് രണ്ടാമൻ രാജഭരണം ഏറ്റെടുത്തു. സുവിശേഷ പ്രവർത്തനത്തെ രാജാവ് എതിർത്തുവെങ്കിലും രാജകൽപനയുടെ മുമ്പിൽ താൻ തളരാതെ ദൈവം തന്നെ ഏൽപിച്ച ശുശ്രൂഷ നിവർത്തിച്ചുകൊണ്ടിരുന്നു. നിയമവിരുദ്ധമായ സഭയുടെ അംഗീകാരമില്ലാതെ നിരോധിക്കപ്പെട്ട ഒരു രഹസ്യ മതസമ്മേളനം വിളിച്ചുകൂട്ടി പ്രസംഗിച്ചതിനാൽ 1660-ൽ ജോൺ ബനിയൻ അറസ്റ്റ് ചെയ്യപ്പെട്ടു. ഇനിയും സുവിശേഷം പ്രസംഗിക്കുകയില്ലെന്ന് ഉറപ്പ് ലഭിക്കുന്ന പക്ഷം ജയിലിൽനിന്ന് മോചിപ്പിക്കാമെന്ന് അധികാരികൾ പറഞ്ഞപ്പോൾ സന്തോഷപൂർവ്വം അദ്ദേഹം അത് നിരസിച്ചു. ജയിലിൽ കിടന്ന സമയം എഴുതുവാനും വായിക്കുവാനും സമയം കണ്ടെത്തിയ അദ്ദേഹം ഷൂ ലെയ്സ് ഉണ്ടാക്കി വിറ്റാണ് ചിലവുകൾ നടത്തിയിരുന്നത്. രക്തസാക്ഷി മരണം വരിച്ച ജോൺ ഫോക്സിന്റെ ജീവചരിത്രം തന്നിൽ ആവേശമുണ്ടാക്കി. 12 വർഷത്തെ ജയിൽ വാസം തനിക്ക് കഷ്ടതയുടെ ദിനങ്ങളായിരുന്നെങ്കിലും അദ്ദേഹം സന്തോഷം കണ്ടെത്തുവാൻ ശ്രമിച്ചു. ലോകപ്രസിദ്ധമായ 'പരദേശി മോക്ഷയാത്ര' എന്ന വിശിഷ്ട ഗ്രന്ഥം താൻ ജയിലിൽ കിടന്നപ്പോൾ ചമച്ച കൃതിയാണ്. ഈ പുസ്തകം വളരെ പ്രചുരപ്രചാരം നേടി. പ്രഗത്ഭനായ പ്രസംഗകനും ഒരു നല്ല സുവിശേഷകനും, കൗൺസിലറുമായ അദ്ദേഹത്തെ ചിലർ ബിഷപ് ബനിയൻ എന്ന് വിളിച്ചിരുന്നു.

സഭയുടെ അന്ധകാര കാലഘട്ടങ്ങളിൽ ഉണർവ്വിന്റെ തീജ്വാല ആളിക്കത്തിച്ച ബനിയൻ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. യുവാക്കൾക്ക് ബനിയൻ ഒരു ഹരമായിരുന്നു. ലണ്ടനിലെ

# ഗോവണി

**ഡോ. എബി പി. മാത്യു**



**ഗോ**വണി കയറാനുള്ളതാണെന്ന് ആർക്കണറിയാത്തത്! ആരോട് ചോദിച്ചാലും പറയും ഗോവണി (Ladder) കയറുവാനുള്ളതാണെന്ന്. എന്നാൽ അതിനു മറ്റൊരു ഉപയോഗം കൂടി ഉണ്ട്. അതിലൂടെ ഇറങ്ങാം. നമ്മിൽ മിക്കവരും കയറിപ്പോകുന്നതല്ലാതെ ഇറങ്ങിവരുന്നതു പരിഗണിക്കുന്നതേയില്ല. അതിനാൽ ആ ഉപയോഗം നമ്മുടെ മനസ്സിൽ വരുന്നില്ലെന്നു മാത്രം ഏറ്റവും നീളമുള്ള ഗോവണിയിലൂടെ ഏറ്റവും ദൂരം ഇറങ്ങി വന്നതു കർത്താവ് തന്നെയാണ്. എല്ലാവരും കയറിപ്പോകുന്നതിനെക്കുറിച്ചു മാത്രം ചിന്തിക്കുമ്പോൾ അതിനു വേണ്ടി മാത്രം ഗോവണി ഉപയോഗിക്കുമ്പോൾ യേശു ഗോവണി വഴി ഇറങ്ങി വന്നു. ലോകത്തിലുള്ളവർ കയറിപ്പോകുന്നതിനുക്കുറിച്ചു മാത്രം ചിന്തിക്കുന്നതു മനസിലാക്കാം. എന്നാൽ യേശുവിന്റെ ശിഷ്യരായ നാമോ? ശിഷ്യൻ എന്ന പേരു വ്യക്തമാക്കുന്നതു ഗുരുവിനെ അനുഗമിക്കുന്നവൻ, അനുകരിക്കുന്നവൻ, അനുസരിക്കുന്നവൻ എന്നൊക്കെയാണ്? യേശുവിനെ ഗുരുവായി അംഗീകരിച്ച നാം എന്താണു ചെയ്യേണ്ടത്? യേശു ചെയ്തതു ചെയ്യണം. അതാണോ നാം ചെയ്യുന്നത്? ഇറങ്ങിവരുന്നതിലാണോ കയറിപ്പോകുന്നതിലാണോ നാം പ്രശംസിക്കുന്നത്. വീമ്പു പറയുന്നതെന്ത്? ഇറങ്ങിവരുന്നതാണോ കയറിപ്പോകുന്നതാണോ നാം സ്വപ്നം കാണുന്നത്.

ഒരു അമ്മ തന്റെ മകനെക്കുറിച്ച് സാക്ഷ്യം പറയുകയായിരുന്നു. വളരെ ബുദ്ധിമുട്ടു നിറഞ്ഞതായിരുന്നു അവരുടെ തുടക്കം. മകൻ ജനിച്ചപ്പോൾ തന്നെ അവനെ സുവിശേഷ വേലയ്ക്കു ഞങ്ങൾ സമർപ്പിച്ചിരുന്നു. അവൻ സാധാരണ വിദ്യാർത്ഥിയായിരുന്നു. അത്ഭുതകരമായി ദൈവം അവനു വഴികൾ തുറന്നു. ഇന്നു അവൻ പാശ്ചാത്യ രാജ്യങ്ങളിൽ കുടുംബമായി താമസിക്കുന്നു. 45 മിനിറ്റുകൊണ്ട് ആ അമ്മ സാക്ഷ്യം പറഞ്ഞവസാനിപ്പിച്ച് ഗോവണിയുടെ മറ്റേ അറ്റത്തെത്തി. സുവിശേഷവേല, പണ്ടത്തെ സമർപ്പണം. സുവിശേഷവേലയിൽ താൽപര്യമുള്ള അവൻ സഭയിലെ സജീവ പ്രവർത്തകനാണ്. ഒരു മിഷൻ യാത്ര നടത്തുന്നതിനായി താൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. കരയുന്ന കുഞ്ഞിനു വിമാനത്തിന്റെ മാതൃക കൊടുത്തിട്ട് ''ഇതിപ്പോൾ പറക്കും നോക്കിക്കോ'' എന്നു പറഞ്ഞു ശാന്തനാക്കാനൊരുങ്ങുന്നതു പോലെ നാം ദൈവത്തെ തണുപ്പിക്കാൻ ശ്രമിക്കുകയാണ്. സഭായോഗത്തിന് തുടർച്ചയായി സംബന്ധിച്ചാൽ സജീവമായി, ഒരു സ്പെഷൽ പാട്ടുപാടിയാൽ ദൈവവേലയുടെ ഭാഗമായി, അഞ്ചുവർഷത്തിൽ അഞ്ചു ദിവസവും 'മിഷൻ ട്രിപ്പിനു' പോയാൽ മിഷനറിയായി. പണ്ടൊരിക്കൽ ഒരാൾ ദൈവത്തോടു പറഞ്ഞു. 'എന്റെ അസുഖം മാറിയാൽ നൂറു കോടിയുടെ വീടും പറമ്പും ദൈവത്തിനു കൊടുക്കാം'. ദൈവം അസുഖം മാറ്റി. അയാൾ വാഗ്ദാനം മറന്നില്ല. താൻ പത്രത്തിൽ പരസ്യം നൽകി വീടും പറമ്പും വിൽക്കാനുണ്ട്. ഒരു കോടി രൂപയ്ക്ക്. എന്നാൽ പട്ടിയെ വാങ്ങുന്നവർക്കേ വീടും പറമ്പും കൊടുക്കൂ. പട്ടിയുടെ വില 99 കോടി രൂപ! പാവം ദൈവം ഓർത്തിരിക്കുകയായിരുന്നു ഇപ്പോൾ പണക്കാരനാകാമെന്ന് അയാൾ ജയിച്ചു. ദൈവം പാവപ്പെട്ടവനായി തുടർന്നു.

ദൈവവചനം പഠിക്കാൻ പോയവരുടെ ഒരു സർവേ എടുത്താൽ ഇറങ്ങി വന്നവരാണോ കയറിപ്പോയവരാണോ കൂടുതൽ? വർഷങ്ങളുടെ സുവിശേഷ പാരമ്പര്യം പറയുന്നവർ ഇറങ്ങിവരുന്നവരാണോ കയറിപ്പോകുന്നവരാണോ ? ദൈവവേലയ്ക്കായി വിളിയുള്ളവർ അംഗ്രേസിയും, ഡിഗ്രിക്കടലാസും കൈമുതലായവർ, ഇറങ്ങുന്നവരാണോ? കയറുന്നവരാണോ? നാലുചക്ര വാഹനത്തിൽ തുടങ്ങി സൈക്കിളിൽ എത്തിയെന്ന സാക്ഷ്യം പതിനായിരത്തിലൊരാളെങ്കിലും 'കറുത്ത പുറംചട്ട'യുള്ള പുസ്തകം പിടിച്ചുകൊണ്ട് പുഞ്ചിരിയോടെ പറഞ്ഞു കേട്ടിട്ടുണ്ടോ? അംബരചുംബികളായ കെട്ടിടങ്ങളുള്ള നഗരത്തിലെ വേല നിർത്തി ശുചിത്വമില്ലാത്ത ഈ പട്ടണത്തിലേക്കു യേശുമൂലം ഞാൻ വന്നു. എന്ന സാക്ഷ്യം നാം കേട്ടിട്ടുണ്ടോ? അത്തരം സാക്ഷ്യം നാം പ്രതീക്ഷിക്കുന്നുണ്ടോ? സുവിശേഷകരുടെ ബാഹുല്യമുള്ള സുഖസൗകര്യങ്ങളുടെ നാടുവിട്ട് സുവിശേഷകരില്ലാത്ത ഇവിടെ സൗകര്യങ്ങൾ പരിമിതമാണെങ്കിലും എത്തിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു എന്ന് അഭിമാനത്തോടെ പറയുന്നത് ആരുണ്ട്. ചുരുക്കം ചിലർ അവർ നമ്മുടെ 'കവറേജ്' ഏരിയയിൽ വരുന്നില്ലെന്നു മാത്രം. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് കഴിഞ്ഞ് തിരുവനന്തപുരത്തെ ടെക്നോപാർക്ക് വഴി ദുബായിലെത്തി റാങ്കോടെ ബിരുദാനന്തര ബിരുദം നേടിയ ഭാര്യയുമായി അവിടെ

---

## ജോൺ ബനിയൻ.....തുടർച്ച

ഏറ്റവും പ്രസിദ്ധനായ പ്രസംഗകൻ എന്ന ബഹുമതി ലഭിച്ചു. പാപികളോടും പാവപ്പെട്ടവരോടും ക്രിസ്തുവിന്റെ സ്നേഹം പങ്കുവെക്കുന്നതിൽ താൻ സമയം കണ്ടെത്തി.

ആത്മാക്കളെക്കുറിച്ചുള്ള അടങ്ങാത്ത ആത്മഭാരവും സുവിശേഷ ദർശനവും തന്നെ ഭരിച്ചിരുന്നു. ദൈവം തന്നെ ഏൽപിച്ച ദൗത്യത്തിന്റെ പൂർത്തീകരണത്തിന് യാതൊന്നും തടസ്സമായി കണ്ടിരുന്നില്ല. പ്രതികൂലങ്ങളെ വക വെക്കാതെ ക്രിസ്തു സ്നേഹത്തിന്റെ സന്ദേശവുമായി ജനമദ്ധ്യത്തിലേക്ക് ബനിയൻ ഇറങ്ങിച്ചെന്നു. ജയിലിൽ കിടക്കുമ്പോഴും ബനിയൻ കർമ്മനിരതനായിരുന്നു. 1688 ആഗസ്റ്റ് 31-ന് ജോൺ ബനിയൻ എന്ന നവോത്ഥാന വീരൻ വിശ്രമത്തിനായി കഷ്ടതയില്ലാത്ത, നാട്ടിലേക്ക് കടന്നുപോയി. ജോൺ ബനിയൻ ഇന്നും സുവിശേഷ പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാണ്.

നിന്നും ഛത്തീസ്ഗഢിലെ ആദിവാസി ഗ്രാമത്തിൽ ശൗചാലയമില്ലാത്തിടത്തു കുടിലിൽ താമസിച്ചു വേദപുസ്തകം ഭാഷാന്തരം ചെയ്യുന്ന സ്നേഹിതൻ ദീപക്കും ഭാര്യയും അമേരിക്കൻ കോൺസുലേറ്റ് വിട്ട് ഭഗൽപൂരിലെത്തിയ വിൻസെന്റും കുടുംബവും. നാടുവിട്ടും വീടുവിറ്റും ബറൗണ്ടിയിലെത്തിയ ഞങ്ങളോടൊപ്പം തല്ലുകൊണ്ട തമിഴ്നാട്ടുകാരനായ പാസ്റ്റർ ക്രിസ്റ്റഫർ മുല്ലപ്പള്ളിയിലെ നല്ല സഭ വിട്ട് ഷിംലയിലെ ത്തി ഇന്നും ക്ലച്ചു പിടിച്ചിട്ടില്ലാത്ത പാസ്റ്റർ ബിജു. ഇതുപോലെ ലോകത്തിൽ അറിയപ്പെടാത്ത മറ്റു ചിലർ. നമുക്കവരെ അറിയില്ല. അറിയാൻ ആഗ്രഹമില്ല. ഗോവണിയിലൂടെ കയറിപ്പോയവർക്കൊക്കെയാണ് നമ്മുടെയുള്ളിലും നമ്മുടെയിടയിലും വില. അരിയും മണലും കൊടുത്തവരുടെ പേരു നാം വേദിയിൽ വിളിച്ചു പറയുന്നു. ചങ്കും കരളും സുവിശേഷത്തിനുവേണ്ടി നൽകിയവനു വിലയില്ല.

ഒരിക്കൽ ഒരു സമ്മേളനത്തിൽ പ്രസംഗിക്കാൻ പോയപ്പോൾ സദസ്സിനൊടൊപ്പം ഇരുന്നപ്പോൾ സംഘാടകർ സ്നേഹത്തോടെ പറഞ്ഞു 'ആ സ്റ്റേജിൽ പോയിരുന്നാട്ടെ'. ഈ പ്രസ്ഥാനത്തിനൊരു നിലയും വിലയുമില്ലേ? ഒരാൾ പ്രസംഗിക്കുവാൻ നൂറു പേർ അയാളുടെ പുറകിലിരിക്കണമെന്നു നിർബന്ധമാണോ? പലരും ലക്ഷങ്ങൾ സുവിശേഷ വേലയ്ക്ക് എന്നു പറഞ്ഞു മുടക്കിയതു ഗോവണി വഴി ആ സ്റ്റേജിലൊന്നു കയറാനാണ് എന്നതല്ലേ സത്യം? ആ കസേരകൾ അവിടെ നിന്നും വലിച്ചു താഴെയിട്ടാൽ തന്നെ നാം പകുതി വിജയിച്ചു. ഗോവണി വഴി കയറാനുള്ള തള്ള് നമ്മെ തള്ളിത്താഴെയിട്ടിരിക്കുന്നു. സമ്പത്തിന്റെ വേദശാസ്ത്രം പ്രസംഗിക്കുന്നവരെ പരസ്യമായി പഴി പറയുന്ന പലരും ജീവിതത്തിലും കുടുംബത്തിലും അതാണ് പാലിക്കുന്നത് എന്നത് എത്രയോ സത്യം? ലളിത ജീവിതമൊക്കെ എന്നേ നാം ഉപേക്ഷിച്ചിരിക്കുന്നു. വസ്തുവും വീടും മുതൽ വാഹനം വരെ നമ്മെ നഗ്നരാക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്യുന്നത്. പത്ത് കോടിയുടെ വീടു ഞാൻ പണിയുമ്പോൾ 'ദൈവദാസൻ' എന്ന നിലയിൽ എനിക്ക് എന്തു സന്ദേശമാണ് ജനത്തിനു നൽകാൻ കഴിയുന്നത്? ആ വീടിന്റെ 'കൂദാശ'യ്ക്ക് ദൈവദാസന്മാരുടെ എന്തൊരു തിരക്കാണ്? ഇതിനൊക്കെ എതിരെ ഒരക്ഷരം പറയാൻ എന്താണു നമുക്കു ധൈര്യമില്ലാത്തത്? നാമെല്ലാം ഗോവണി ചാരി നിർത്തിയിരിക്കുകയാണോ മുകളിലേക്ക് കയറാൻ?

അവസാനിപ്പിക്കട്ടെ. സി.റ്റി. സ്റ്റഡ് ഇംഗ്ലണ്ടിലെ നൂറുമുറിയുള്ള വീട്ടിൽ നിന്ന് ദൈവവേലയ്ക്ക് ആഫ്രിക്കയിലെ കുടിലിലെത്തി ഡേവിഡ് ലിവിങ്സ്റ്റൻ ആഫ്രിക്കയിലെ കഠിനമായ കാലാവസ്ഥയിൽ പിടിച്ചു നിൽക്കാൻ ബുദ്ധിമുട്ടിയ ഭാര്യയെയും, മക്കളെയും മാതൃരാജ്യങ്ങളിലേക്കു തിരിച്ചയക്കുമ്പോൾ പറഞ്ഞു 'ഞാൻ വേഗം വന്നു നിങ്ങളെ കണ്ടുകൊള്ളാം' അഞ്ചു വർഷത്തെ ഇടവേളയ്ക്കുശേഷം ഭാര്യയെ ആദ്യമായി കാണുമ്പോൾ ഭാര്യക്കു അദ്ദേഹത്തെ മനസ്സിലായില്ല! ആഫ്രിക്കയിലെ ചൂട് അദ്ദേഹത്തിന്റെ ശരീരത്തെ കരിവാളിപ്പിച്ചു. ആഫ്രിക്കയിലെ സിംഹം തന്റെ കൈകടിച്ചു പറിച്ചു തിന്നു. മരക്കൊമ്പിൽ തട്ടി കണ്ണും മുഖവും വിരൂപമായി. എല്ലാം സുവിശേഷം നിമിത്തം നമുക്കെന്തെങ്കിലും മനസിലാകുന്നുണ്ടോ? ഇല്ല. നാം ആ ക്ലാസിൽ എത്തിയിട്ടില്ല. നാം അവിടെ എത്തിയിരുന്നെങ്കിൽ!

●


## INVITING APPLICATIONS FOR
## M.DIV. PROGRAMME (IN-PERSON & ONLINE)

**M.Div Programme in association with SABC Bangalore**

1. ATA Programme
2. Classes are held every 2nd Saturday, from 10:00 AM to 5:00 PM
3. Medium: English
4. 22 subjects for B.Th graduates (ATA B.Th with B+ grade)
5. Subjects: 32 subjects for Degree holders
6. Class Location: Kalina, Santacruz (E), Mumbai

**M.Div (in Pastoral Ministries)**

1. Duration: 2 years
2. Programme Mode : Online
3. Class Time: Tuesday, 6:30 PM – 9:30 PM
4. Medium: English & Hindi
5. Qualifications Required :
   Minimum B.Th degree OR 15 years of pastoral ministry experience.
6. Entrance Exam: Entrance exam is mandatory for non-B.Th candidates.

**ADMISSIONS OPEN**

**AGAPE BIBLE INSTITUTE**

Agape Centre, Behind Hotel Two Star, Kalina, Santacruz (E), Mumbai.
Phone: 9082004324 / 9022580550

അടിയൊഴുക്കുകൾ-11

# വിശ്വാസത്തിന്റെ വിലയേറിയ നിർണ്ണയങ്ങൾ.... !!!



പാസ്റ്റർ സജി പീച്ചി

**നോ**വോമിയുടെ കുടുംബത്തിലുണ്ടായ കയ്പ്പേറിയ സാഹചര്യം കണക്കിലെടുത്ത് മരുമക്കളോട് താന്താങ്ങളുടെ ഭവനത്തിലേക്ക് തിരികെപ്പോകാൻ നോവോമി നിർദ്ദേശിച്ചു. ഓർപ്പയും രൂത്തും അമ്മാവിയമ്മയെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. ഓർപ്പ തന്റെ സ്വന്തം ഭവനത്തി ലേക്ക് മടങ്ങിപ്പോയി. അതോടെ ഓർപ്പയുടെ രംഗം അവിടെ അവസാനിച്ചു.

നോവോമിയെ വിട്ടു പിരിയാൻ രൂത്തിനു മനസ്സില്ലായിരുന്നു. മോവാബ്യ ദേശക്കാരിയായ അവൾ യഹൂദ്യ ഭവനത്തിൽ വ്യത്യസ്തമായി ചിലത് കണ്ടു. ആ വ്യത്യസ്ത അനുഭവങ്ങൾ അവളെയും വ്യത്യസ്തയാക്കി. പൂർവ്വന്മാർക്ക് ലഭിക്കാത്ത അപൂർവ്വ സൗഭാഗ്യമാണ് താൻ സിദ്ധിച്ചിരിക്കുന്നതെന്ന് അവൾ തിരിച്ചറിഞ്ഞു.

ആലയ പ്രവേശനം മോവാബ്യർക്ക് നിഷിദ്ധമായിരുന്നു. അവരുടെ പത്താം തലമുറയ്ക്ക് പോലും ദൈവാലയ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ നോവോമിയുടെ ഭവനത്തിൽ രൂത്ത് കാലു കുത്തിയതോടെ ആലയത്തിന്റെ അകത്തളത്തിലേക്കുള്ള പ്രവേശനം അവൾക്ക് സാധ്യമായി. തന്റെ കുടുംബക്കാർക്ക് വിലക്കപ്പെട്ട സ്ഥാനം താൻ സായത്തമാക്കിയതിൽ അവൾ സന്തോഷിച്ചു. യഹൂദ്യ ഭവനത്തിൽ രൂത്തിനു സ്ഥാനം ലഭിച്ചതോടെ ആ ബന്ധനം അഴിഞ്ഞു മാറി. ആ സ്ഥാനത്തിന്റെ മഹത്വം അവൾ മനസ്സിലാക്കി.

ദൈവം നമ്മെ തെരഞ്ഞെടുത്തതും ദൈവാലയത്തിൽ നട്ടതും പ്രത്യേക ഉദ്ദേശത്തോടെയാണ്. അതിന്റെ പ്രാധാന്യം ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്.

പലരും ആഗ്രഹിച്ചിട്ടും കഴിയാതിരുന്ന കാര്യം ദൈവം നമുക്ക് സാധ്യമാക്കി. കർത്താവിന്റെ പദ്ധതിയാണ് ഈ സ്നേഹത്തിലേക്ക് പാപികളായ മനുഷ്യരെ ആകർഷിച്ചത്. അതിന് കർത്താവിനോട് നാം എത്ര നന്ദി ഉള്ളവരാകേണ്ടതുണ്ട്...! തന്റെ ഭർത്താവും ഭർത്തൃ സഹോദരനും അമ്മായപ്പനും മരിച്ചെങ്കിലും അതോടെ ആ കുടുംബ ബന്ധം ഉപേക്ഷിക്കാൻ രൂത്ത് തയ്യാറായില്ല.

അവരിലൂടെ ഒരു വിശ്വസ്തതയുള്ള യഹൂദ ജനതയെ അവൾ വിശ്വാസത്താൽ സ്വപ്നം കണ്ടു. വിശ്വാസത്താൽ സ്വപ്നം കാണുന്നവർക്ക് മാത്രമേ ജീവിതത്തിന്റെ യാഥാർഥ്യങ്ങൾ അനുഭവിക്കാൻ കഴികയുള്ളു. യഹൂദ ജനത സേവിക്കുന്ന ദൈവ മഹത്വം അവൾ ഗ്രഹിച്ചറിഞ്ഞു. അവരുടെ ന്യായപ്രമാണ ഗ്രന്ഥം അവൾ സമയം കിട്ടുമ്പോഴൊക്കെ വായിച്ചിരുന്നു.

അമ്മാവിയമ്മയോടൊപ്പം പ്രാർത്ഥിക്കുമായിരുന്നു. അദൃശ്യ ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കുമായിരുന്നു. അതിനാൽ ദൈവം അവളുടെ ചരിത്രം മാറ്റി മറിച്ചു.

ദൈവത്തെ ആഴമായി വിശ്വസിക്കയും സ്നേഹിക്കയും ആരാധിക്കയും പിൻപറ്റുകയും ചെയ്യുന്നവർക്കാണ് പിന്നത്തേതിൽ അനുഗ്രഹം പ്രാപിക്കാൻ കഴിയുന്നത്. തന്നിൽ ആശ്രയിക്കുന്ന ഭക്തന്റെ ചരിത്രം മാറ്റി എഴുതുന്നവനാണ് സർവ്വ വല്ലഭനായ ദൈവം.

അവളുടെ അന്തരംഗത്തിൽ ചില ചിന്തകൾ മിന്നി മറഞ്ഞു. തുടർന്നുള്ള നാളുകൾ ഏകയായി വിധവയായി കഴിയേണ്ടി വന്നാലും കഷ്ടതകൾ സഹിക്കേണ്ടി വന്നാലും ജീവനുള്ള ദൈവത്തെയും ദൈവജനത്തെയും വിട്ട് ഞാൻ എങ്ങും പോകില്ല. ആ തീരുമാനം അവൾ നോവോമിയോട് തുറന്ന് പറഞ്ഞു.

ദൈവജനത്തെക്കുറിച്ചും അവരുടെ ആരാധനയെക്കുറിച്ചുമുള്ള മതിപ്പും ബോധ്യവും രൂത്തിനു അമ്മാവിയമ്മയെ പിരിഞ്ഞ് പോകാൻ അനുവദിച്ചില്ല.

അവൾ പറഞ്ഞു. ഞാൻ നിന്നെ ഉപേക്ഷിച്ചു പോകില്ല. നീ പോകുന്നിടത്ത് ഒരു നിഴൽ പോലെ ഞാനും നിന്നെ പിന്തുടരും. നീ താമസിക്കുന്നിടത്ത് ഞാനും താമസിക്കും ...!! നീ സേവിക്കുന്ന ദൈവത്തെ ഞാനും ആരാധിക്കും. നിന്റെ കൂടപ്പിറപ്പുകൾ എന്റെ കൂടപ്പിറപ്പുകളാണ്. ഞാൻ ഇനി മോവാബിന്റെ മണ്ണിലേക്ക് തിരികെ പോകില്ല. അവൾ അമ്മാവിയമ്മയോട് പറ്റി നിന്നു. അതവൾക്ക് അനുഗ്രഹമായി ഭവിച്ചു. സകലത്തിലും ഉപരി യഥാർത്ഥ ദൈവത്തെ കണ്ടെത്തുന്നതാണ് ജീവിതത്തിൽ ഏറ്റവും വലിയ സൗഭാഗ്യം. സകല അനുഗ്രഹങ്ങളുടെയും ഉറവിടം അവിടെയാണ്.

നോവോമി ഉന്നയിച്ച ഒഴികഴിവുകളും തടസ്സവാദങ്ങളും രൂത്തിന്റെ തീരുമാനത്തിൽ നിന്നും അവളെ പിന്തിരിപ്പിക്കാൻ പര്യാപ്തമായില്ല. അവളുടെ തീരുമാനത്തിന് വഴങ്ങി മനസ്സില്ലാ മനസ്സോടെ നോവോമി തന്റെ കൂടെ ബെത്‌ലെഹേമിലേക്ക് പോരുവാൻ രൂത്തിന് അനുവാദം നൽകി.

യവക്കൊയ്ത്തിൻെറ കാലമായിരുന്നു അത്. നോവോമി ബേത്ത്‌ലഹേമിൽ എത്തിയെന്ന വാർത്ത കാട്ടു തീ പോലെ പരന്നു. ബേത്ത്‌ലഹേം പട്ടണത്തിൽ അവരെ കാണാൻ ജനം ഒഴുകിയെത്തി. നിരവധി ചോദ്യശരങ്ങളുമായാണ് അവരെത്തിയത്. ഭർത്താവായ എലീമേലെക്കിന്റെ കുടുംബം ദേശത്തെ ഒരു പ്രബല ധനാഢ്യ കുടുംബമായിരുന്നു.

മോവാബിൽ അവരുടെ കുടുംബത്തിലുണ്ടായ ദുരന്തങ്ങളെല്ലാം ബേത്ത്‌ലഹേമിലുള്ളവർ അതാത് സമയങ്ങളിൽ അറിഞ്ഞിരുന്നു.

# ആരാധന എങ്ങനെ ?



**ജാസ്മിൻ ഫിലിപ്പ്**

ഞായർ നാം ദൈവത്തെ ആരാധിക്കുവാൻ ആയി കൂടിവരുന്ന ദിവസം. നാം കൂടി വന്ന് ദൈവം നമുക്ക് ചെയ്ത ഉപകാരങ്ങൾ ഓർത്ത് അവനെ നന്ദി അറിയിക്കുന്നു. പതിവായി ഞായറാഴ്ചകളിൽ നാമിത് ആവർത്തിക്കുന്നു. ഈ ഭൂമിയിൽ ദൈവം നമ്മെ നടത്തിയത്, നമുക്കാവശ്യമായ നന്മകൾ തക്കസമയത്ത് തന്നത് ,സൗഖ്യം ആവശ്യമായപ്പോൾ സൗഖ്യദായകൻ ആയത്, അങ്ങനെയങ്ങനെ ഈ ഭൂമിയിലെ നമ്മുടെ ആയുസ്സ് തീരുമ്പോൾ ഇവിടംകൊണ്ട് അവസാനിക്കുന്ന നന്മകൾക്ക് നന്ദി പറയുവാനാണോ നാം ഞായറാഴ്ചകളിൽ കൂടി വരുന്നത്. ഇതിൽ തെറ്റുണ്ടോ? ഏതു കാര്യത്തിനും ദൈവത്തിന് നന്ദി പറയേണ്ടതല്ലേ? ബൈബിൾ ആദിയോടന്തം ഇപ്രകാരമുള്ള ആരാധനകൾ അല്ലെങ്കിൽ യാഗങ്ങൾ നാം വായിക്കുന്നുണ്ട്. പിന്നെ എന്താണ് പ്രശ്നം. ഇങ്ങനെ അനേക ചിന്തകൾ ഇന്നത്തെ വിശ്വാസ സമൂഹത്തെ കുഴപ്പിക്കുന്നുണ്ട്. പൗലോസ് അപ്പോസ്തോലൻ പ്രബോധിപ്പിക്കുന്നതുപോലെ നാം എല്ലാറ്റിനും സ്തോത്രം ചെയ്യുന്നവരായിരിക്കണം. ദൈവസന്നിധിയിൽ ഉചിതമായത് ആണ്.

പഴയ നിയമത്തിലേക്ക് നാം ശ്രദ്ധിക്കുമ്പോൾ യാക്കോബ് പത്തനാരാമിൽ പോയി മടങ്ങി വന്നതിനു ശേഷം ദൈവത്തിൻെറ കൽപ്പന പ്രകാരം ബഥേലിൽ പോയി ദൈവത്തിന് യാഗപീഠം പണിതു. യാക്കോബ് തൻെറ കൂടെയുള്ള സകല ജനത്തോ ടും കൂടെയാണ് ബഥേലിൽ പോയി യാഗപീഠം പണിതത്. നോഹയും ജല പ്രളയത്തിന് ശേഷം യാഗപീഠം പണിതു യഹോവയ്ക്ക് ഹോമയാഗം കഴിച്ചു. അബ്രഹാമും ദാവീദും മോശയും ഇസ്രായേൽ മക്കൾ ആകമാനവും വിവിധ രീതികളിൽ അവരെ കഷ്ടതയിൽ നിന്ന് വിടുവിച്ച ,മരുഭൂമിയിൽ നടത്തിയ, ശത്രുവിന്റെ കൈയിൽനിന്ന് വിടുവിച്ച യഹോവയ്ക്ക് നന്ദി അർപ്പിക്കുന്നത് നാം വായിക്കുന്നു. പുതിയനിയമ ആരാധന നടക്കുന്നത് നമ്മുടെ ഹൃദയമാകുന്ന ആലയത്തിൽ ആണ്. അവിടെ സ്തോത്രം എന്ന യാഗം സദാ എരിഞ്ഞു കൊണ്ടേയിരിക്കണം. നാം എന്തിന് ആരാധിക്കണം എങ്ങനെ ആരാധിക്കണം എന്നത് അറിഞ്ഞിരി ക്കേണ്ട വസ്തുതയാണ്. നാം ദൈ വത്തെ ആരാധിക്കുന്നത് അവൻ ആരാധനയ്ക്ക് യോഗ്യൻ ആയതു കൊണ്ടാണ്. മാത്രമല്ല ദൈവത്തിൻെറ സ്നേഹം പരമാധികാരം സൃഷ്ടാവ് എന്ന പദവി എല്ലാം അതിന് കാരണമാണ്. ചിലർ മനസ്സിൻെറ ശാന്തിക്കായി ദൈവത്തെ ആരാധിക്കുന്നു. ചിലർ ദൈവത്തിൽ നിന്ന് ചിലത് പ്രതീക്ഷിച്ചു ദൈവത്തെ ആരാധിക്കുന്നു. ദൈവത്തിൽ നിന്ന് ലഭിച്ച നന്മകൾക്ക് നന്ദിയായി ദൈവ ത്തെ ആരാധിക്കുന്നവരുണ്ട്. ഇതെ ല്ലാം ആരാധനയുടെ ഭാഗങ്ങൾ ആണ്.

അപ്പോസ്തല പ്രവർത്തി 17:28 ൽ നാം ദൈവത്തിൻെറ സന്താനങ്ങളാണ് എന്നു കാണുന്നു. നമ്മുടെ സൃഷ്ടികർത്താവ് ആകുന്ന ദൈവത്തെ ആരാധിക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. മാത്രമല്ല ദൈവം നമ്മെ വീണ്ടെടുത്തത് കൊണ്ട് അവന്

>> 23

---

മ്ലാനത മുറ്റിയ മുഖവുമായി അവൾ ഇതികർത്തവ്യതാമൂഢയായി നിന്നു. മുഖത്ത് രക്തമയമില്ല...!!!

മുഖശോഭ നഷ്ടപ്പെട്ടു ....!

സൗന്ദര്യം മണ്മറഞ്ഞു ...!

മനസ്സിൽ നിരാശ തളം കെട്ടി.

കണ്ണുകൾ കുഴിഞ്ഞു.

കവിൾ ഒട്ടി.

കണ്ഠനാളത്തിലെ ഞരമ്പുകൾ തെളിഞ്ഞു കണ്ടു.

നിറം മങ്ങി..!

ശരീരം കറുത്തു കരുവാളിച്ചു..!

ത്വക്കു ചുളുങ്ങി....!!!

ശരീരത്തിന് ആകപ്പാടെ ക്ഷീണം.. സ്ത്രീകൾ അവളുടെ രൂപം കണ്ട് വിസ്മയിച്ചു. അവർക്ക് അവരുടെ രൂപം കണ്ടിട്ട് വിശ്വസിക്കാനായില്ല. ഓരോരുത്തരും പരസ്പരം ചോദിച്ചു.

ഇത് നൊവൊമി തന്നെയോ ..? എന്തൊരു മാറ്റമാണ് അവൾക്കുണ്ടായിരിക്കുന്നത്...?

നോവോമി...!

നോവോമി....! എന്ന് വിളിച്ച് ജനം അവളുടെ അടുത്തേക്ക് പാഞ്ഞടുത്തു.

അവൾ വിളിച്ചു പറഞ്ഞു.

‘നിങ്ങൾ എന്നെ നോവോമി എന്ന് വിളിക്കരുത്...!

ഞാൻ സൗന്ദര്യ ദേവതയല്ല.

പ്രതാപവും ഐശ്വര്യവും സൗന്ദര്യവുമുള്ള ഒരു പൂർവ്വകാലം എനിക്കുണ്ടായിരുന്നു.

ഞാനിന്ന് വിധവയാണ്.

നഷ്ട സ്വപ്നങ്ങളുടെ തടവറയിലാണ്. ദൈവം കൈപ്പായുള്ളതു എന്നോടു പ്രവർത്തിച്ചിരിക്കുന്നു.

ഞാൻ നിറഞ്ഞവളായിരുന്നു ....!!

ഇപ്പോൾ ഒഴിഞ്ഞവളായി...!!

ജീവിതത്തിൽ ചിലതെല്ലാം നേടാമെന്ന് വ്യാമോഹിച്ച് ഓടുന്ന പലയിടത്തും ചേക്കേറുന്നവരുടെ പ്രതീകമാണ് നോവോമി. ദൈവത്തിൽ സമർപ്പിക്കുന്നവർക്ക് സകലവും നന്മയ്ക്കായി ഭവിക്കുന്നു.

(തുടരും)

സ്തോത്രം ചെയ്യുന്നവർ ആകണം എന്ന് കൊലോസിയർ 1:12 മുതൽ 13 വരെയുള്ള ഭാഗങ്ങളിൽ കാണുന്നുണ്ട്. നാം നമ്മെ തന്നെ ബുദ്ധിയുള്ള ആരാധനയായി ദൈവത്തിന് സമർപ്പിക്കുവാൻ റോമർ 12:1 പറയുന്നു. അങ്ങനെ ആരാധന എങ്ങനെ എന്നതിന് പുതിയ നിയമത്തിൽ അനേക വാക്യങ്ങൾ നാം കാണുന്നുണ്ട്. എന്നാൽ ഇന്ന് ആരാധന എന്നത് ഈ ലോകത്തിലെ ചിലതിനെ മാത്രം നേടുവാൻ വേണ്ടിയുള്ള ഒരു മാർഗ്ഗമായി ചിത്രീകരിക്കപ്പെടുന്നു. ഒരിക്കലും ദൈവ തേജസ് നഷ്ടപ്പെട്ട പാപത്തിൽ വസിക്കുന്ന മാനവ ജാതിക്ക് വിശുദ്ധിയിൽ വസിക്കുന്ന പരിശുദ്ധനായ ദൈ വത്തോട് അടുക്കുവാനും അവനെ ആരാധിക്കുവാനും കഴിയുകയില്ല. ഈ ലോകത്തിലെ നന്മകൾ നമുക്ക് ലഭിച്ചതുകൊണ്ട് നാം ദൈവത്തെ ആരാധിക്കുവാൻ യോഗ്യരാകുന്നില്ല. രോഗസൗഖ്യം ധനവും മാനവും മഴയും മഞ്ഞും എല്ലാം ലോകത്തെ സകല മനുഷ്യർക്കും അത് അതിന്റെ സമയത്ത് ദൈവം നൽകുന്നു. ദൈവത്തെ ആരാധിച്ചാലും ഇല്ലെങ്കി ലും ഇതൊക്കെ ലഭിക്കും. എന്നാൽ സകലത്തിന്റെ ഉടയവനും പരിശുദ്ധനും ആയ ദൈവത്തെ നാം ആരാധിക്കുന്നത് വിശുദ്ധരായ ദൈവതേജസ് നഷ്ടപ്പെടുത്തിയ നമ്മെ ക്രിസ്തു മുഖാന്തരം ദൈവത്തോട് അടുപ്പിച്ച് വീണ്ടും ആ തേജസിലേക്ക് നമ്മെ കൊണ്ടുവന്നു എന്നതിനാലാണ്. പുത്രനായ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാൽ അവൻ നമ്മെ അനുഗ്രഹിച്ചു. ഇപ്രകാരം അവനെ ആരാധിപ്പാൻ ദൈവം നമ്മെ യോഗ്യരായി തീർത്തു. ഈ സത്യം മനസ്സിലാക്കി കഴിയുമ്പോൾ ഈ ലോകത്തിലെ ചപ്പുചവറുകളേക്കാൾ ശ്രേഷ്ഠമായ വിലയേറിയ മുത്ത് നമുക്ക് ലഭിച്ചതിനെ ഓർത്ത് നാം ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങും. ലോകത്തിൽ നാം ആയിരിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ഏത് കാര്യത്തിനും നാം നന്ദി ഉള്ളവരാകണം. പക്ഷേ നമ്മെ വിളിച്ച് പുത്രന്റെ രാജ്യത്തിൽ ആക്കി വയ്ക്കുവാൻ ദയ തോന്നിയവനെ നാം എങ്ങനെ ആരാധിക്കാതെ ഇരിക്കും.

നോഹയുടെ ജീവിതം പരിശോധിച്ചാൽ അതുവരെ ലോകം കാണാതെ ഇരുന്ന മഴ പെയ്യുമെന്ന് നോഹ പ്രസംഗിച്ചപ്പോൾ ലോകം അവനെ കളിയാക്കി. നോഹയും കുടുംബവും പെട്ടകം പണിതപ്പോൾ അത് കണ്ട് ആശ്ചര്യപ്പെട്ടവർ ഉണ്ടാകാം ഇത് എന്തെന്ന് കളിയാക്കിയവരും ഉണ്ട്. എന്നാൽ ആ പെട്ടകത്തിൽ കൂടെ രക്ഷ പ്രാപിച്ച നോഹയും കുടുംബവും മാത്രം കണ്ട ഒരു കാഴ്ചയുണ്ട്. മനോഹരമായ മഴവില്ല്. അത് കാണുവാൻ അന്നുവരെ നോ ഹയെ പ്രശംസിച്ച വരോ കളിയാക്കിയവരോ ഉണ്ടായിരുന്നില്ല. പുതുജീവൻ പ്രാപിച്ച നോഹക്കും തലമുറയ്ക്കും വേണ്ടി മാത്രമായിരുന്നു ആ കാഴ്ച. നമ്മുടെ അധ്വാനഫലം കണ്ടു ലോകം പ്രശംസിക്കാം കളിയാക്കി എന്നും വരാം. എന്നാൽ ക്രിസ്തുവിലൂടെയുള്ള രക്ഷ മുഖാന്തിരം നമുക്ക് ലഭിക്കുന്നതിനെ ലോകത്തിന് മനസ്സിലാവുകയില്ല. അതിന്റെ ആഴവും വ്യാപ്തിയും നമുക്ക് മാത്രമേ മനസ്സിലാവുകയുള്ളൂ. ആ രക്ഷയിലൂടെ നമുക്ക് ലഭിക്കുന്നത് എന്തെന്ന് മനസ്സിലാക്കി ആ കാഴ്ച നമ്മുടെ ആത്മീയ കണ്ണുകളിലൂടെ കണ്ടാണ് ദൈവത്തെ നാം ആരാധിക്കേണ്ടത്.

വിശ്വാസ സമൂഹമേ ഈ ലോകത്തിൽ എന്ത് നേടിയാലും നഷ്ടമാക്കിയാലും ഇവിടംകൊണ്ട് കഴിയും. ഇവിടംകൊണ്ട് നഷ്ടപ്പെടുന്നതിനെ ചൊല്ലി അല്ല നിത്യത വരേയും നില നിൽക്കുന്ന ബന്ധത്തെയും പദവിയെയും ഓർത്ത് നാം ദൈവത്തെ സ്തുതിക്കണം. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും നമ്മെ നിറച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ച് രാജകീയ പുരോഹിത വർഗ്ഗം ആക്കി തീർത്ത ഭാഗ്യത്തെ ഓർത്ത് ദൈവത്തെ അവന്റെ മഹിമക്ക് ഒത്തവണ്ണം ആരാധിക്കുന്നവർ ആയി നാം തീരട്ടെ.

# MATRIMONIALS



Maharashtrian Pentecostal Parents from Mumbai, Maharashtra invite proposal for their daughter, date of birth 04.06.1992, Height - 4.11, Education - MBA (Business Analyst), Occupation - Working as Data / Business Anayst, in Mumbai.

Church Name: Indian Pentecostal Church Ghatkopar. Seeking proposals from parents of Born Again, Baptized God fearing, Living a balanced and stable life and professionally qualified boys.

**Father's Contact : 9664936518**
**Pastor's Contact : 9322870501**

---



Iliyas Sayyed, Date of Birth : 14th February 1997 Height : 168 cm, Weight : 54 kg Complexion : Wheatish, Native Place : Andhra Pradesh, City/Town : Cuddapah (Kadapa), Present Location Mumbai, Mother Tongue : Telugu, Education : B.Com, Working as ICICI Bank Employee, Job Location : Mumbai, Baptized, Church Name & Location : IPC Church, Ghatkopar.

Expectations about Partner : Family-oriented, supportive, and willing to build a Christ-centered family.

**Father's No.: 8356869995**
**Pastor's No.: 9322870501**

മിഷ്യൻ ചിന്തകൾ

# ഇന്ത്യയിൽ ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവനകൾ

ക്രിസ്തീയ മിഷണറിമാർ നൂറ്റാണ്ടുകൾകൊണ്ടു ഇന്ത്യയിൽ ചെയ്ത സംഭാവനകൾ വിവരിക്കണമെങ്കിൽ അതിനുവേണ്ടി പല വലിയ പുസ്തകങ്ങൾ തന്നെ എഴുതേണ്ടി വരും. അതിവിടെ സാധിക്കാത്തതു മൂലം അവയിൽ ചിലതു മാത്രം സംക്ഷിപ്തമായി രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

ഇന്ത്യയുടെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയിൽ ക്രിസ്തീയ മിഷണറിമാർ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹിക പരിഷ്കരണങ്ങൾ, ഭാഷാ വികസനം എന്നീ തലങ്ങളിൽ അവരുടെ സംഭാവനകൾ അന്നും ഇന്നും സ്മരിക്കപ്പെടേണ്ടതാണ്. മനുഷ്യ സ്നേഹവും സേവന മനോഭാവവും മുൻനിർത്തിയുള്ള അവരുടെ പ്രവർത്തനങ്ങൾ ഇന്നും ഇന്ത്യയുടെ പുരോഗതിയിൽ പ്രതിഫലിക്കുന്നു.

**വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾ**

ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിച്ചതു മിഷണറിമാരുടെ പ്രവർത്തനങ്ങൾ മൂലമാണ്. ഇന്ത്യയിൽ ഉന്നതകുല ജാതകർക്കു മാത്രം വിദ്യാഭ്യാസം സാധ്യമാകുകയുള്ളൂ എന്ന് ചിന്തിച്ചിരുന്ന കാലമുണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർ വിദ്യ അഭ്യസിച്ചാൽ വിരൽ മുറിക്കുകയും പുസ്തകം വായിക്കാൻ പഠിച്ചാൽ ശിക്ഷ നൽകുകയും ചെയ്തിരുന്ന കാലത്തു ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം ചെയ്യാൻ അവസരമൊരുക്കിയതും താഴ്ന്ന ജാതിക്കാർ ഇന്നു വിദ്യാസമ്പന്നർ ആയതിനും പുറകിൽ ക്രിസ്ത്യാനികളുടെ അത്യദ്ധ്വാനമാണെന്നതു മറക്കാൻ കഴിയാത്ത സത്യങ്ങളാണ്. ക്രിസ്ത്യാനികൾ നിരവധി സ്കൂളുകളും കോളേജുകളും സ്ഥാപിച്ച് ജനങ്ങളെ വിശാലമായ ലോകം കാണിച്ചു പ്രത്യേകിച്ചു പിന്നോക്ക വിഭാഗങ്ങളും സ്ത്രീകൾക്കും വിദ്യഭ്യാസം ചെയ്യുവാനുള്ള അവസരങ്ങൾ ഉണ്ടാക്കി. പ്രത്യേകിച്ചു ഉച്ചനീചത്വങ്ങളില്ലാതെ ഉന്നതകുലജാതരും പിന്നോക്ക വിഭാഗക്കാരും ഒന്നിച്ചിരുന്നു പഠിക്കുന്ന ഒരു നല്ല സാഹചര്യം സൃഷ്ടിച്ചു.

പിന്നീടു ഉയർന്ന നിലവാരമുള്ള കോളേജുകൾ സ്ഥാപിച്ച് ഉന്നത വിദ്യാഭ്യാസം നൽകി. ഉദാഹരണമായി മദ്രാസ് ക്രിസ്ത്യൻ കോളേജ്, സി.എം.എസ്. കോളേജ് കോട്ടയം എന്നീ മഹാവിദ്യാലയങ്ങളിലൂടെ അനേകം മഹൽ വ്യക്തി രാജ്യത്തിനു സമ്മാനിച്ചു.

**ആരോഗ്യ രംഗത്തിൽ ക്രിസ്ത്യാനികളുടെ സംഭാവനകൾ**

ആശുപത്രികളും ക്ലിനിക്കുകളും സ്ഥാപിച്ച് ഗ്രാമീണർക്കും ദരിദ്രർക്കും ചികിത്സ ലഭ്യമാക്കി. ഉദാഹരണമായി വെല്ലൂർ മെഡിക്കൽ കോളേജിനും ഇന്ത്യയിലെ പ്രധാന ആശുപത്രികളിലൊന്നായി നിലകൊള്ളുന്നു. ചെറുതും വലുതുമായി ഇത്തരം ധാരാളം ആശുപത്രികൾ സ്ഥാപിച്ചതു കൂടാതെ കുഷ്ഠരോഗികളെയും ക്ഷയരോഗികളെയും ജീവനോടെ കുഴിച്ചിടുന്ന കാലത്തു അവർക്കുവേണ്ടി പ്രത്യേകം ആശുപത്രികൾ സ്ഥാപിക്കുകയും അവരെ സ്നേഹത്തോടെ ചേർത്തുപിടിച്ചു ചികിത്സിക്കുകയും ചെയ്ത കാര്യം ആർക്കും മറക്കാൻ കഴിയുകയില്ല. പെൺകുട്ടികൾക്കു നേഴ്സിംഗിന്റെ മഹത്വം മനസ്സിലാക്കിക്കൊടുക്കുകയും അവർക്കുവേണ്ടി നേഴ്സിംഗ് സ്കൂളുകളും കോളേജുകളും സ്ഥാപിച്ച് അവരെ പഠിപ്പിച്ചതു മൂലം അവർ സാമൂഹികമായും സാമ്പത്തികമായും സ്വന്ത്രരായി. ഇങ്ങനെ ലക്ഷക്കണക്കിനു കുടുംബങ്ങൾ സാമ്പത്തിക പരാധീനതകളിൽ നിന്നും കര കയറാൻ ഇടയായതും ക്രിസ്ത്യാനികളുടെ ദർശനവും സമർപ്പണവും മൂലമാണെന്നും എടുത്തുപറയേണ്ട ഒരു കാര്യമാണ്.

**സാമൂഹിക പരിഷ്കരണം**

ഭർത്താവു മരിക്കുമ്പോൾ ഭാര്യയെ ഭർത്താവിനോടൊപ്പം ചിതയിൽ ഇട്ടു ദഹിപ്പിക്കുന്ന ഭയാനകമായ ആചാര നടപടി ആയിരുന്നു സതി. ഈ സമ്പ്രദായം നിർത്തലാക്കാൻ ക്രിസ്ത്യാനികൾ പരിശ്രമിക്കുകയും അതു നിർത്താലാക്കുകയും ചെയ്തു എന്നത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സത്യങ്ങളാണ്.

ജാതിവ്യവസ്ഥകൾ മൂലം മനുഷ്യനെ പല തട്ടുകളിലായി കണ്ടിരുന്ന കാലത്തു താണവർ എന്നും ഉയർന്നവന്റെ അടിമകളായി ജീവിക്കേണ്ട അവസ്ഥക്കു ഭേദം വരുത്തുവാൻ ക്രിസ്ത്യാനികളുടെ സംഭാവനകൾ ചെറുതല്ല. അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവ സ്ഥാപിച്ച് സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെ സംരക്ഷിച്ചതു പ്രത്യേകം സ്മരിക്കേണ്ടതാണ്.

**ഭാഷയും സാഹിത്യവും**

വില്യംകേറി പോലുള്ളവർ നിഘണ്ടുകളും വ്യാകരണഗ്രന്ഥങ്ങളും തയ്യാറാക്കിയതു കൂടാതെ പ്രിന്റിംഗ് പ്രസ് ആരംഭിച്ചതിലൂടെ പുസ്തക പ്രസിദ്ധീകരണം വ്യാപകമായി. ഇതു വിദ്യാഭ്യാസ വളർച്ചക്കു വഴി തെളിച്ചു. അങ്ങനെ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ സമസ്ത മേഖലകളിലുമുള്ള വികസനത്തിനു വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹിക പരിഷ്കരണം, ഭാഷാ വികസനം എന്നിവയിലൂടെ അവർ സമൂഹത്തെ മാറ്റി മറിച്ചു. അവരുടെ സംഭാവനകൾ മതത്തിന്റെ പരിധികൾക്കപ്പുറം മനുഷ്യ സ്നേഹത്തിന്റെ ഉത്തമ ഉദാഹരണങ്ങളായി ഇന്നും നിലകൊള്ളുന്നു. ●



**Evg. Varghese Kollakompil**
Mission Director
IPC Maharashtra

# HEBRON BIBLE COLLEGE

## ESTABLISHED IN 1992




**Vision :**
**Light up the villages of Maharashtra through living word.**

Fully owned and managed by IPC Maharashtra State

- Diploma in Theology (D.Th)
  Hindi Medium - 2 Years full time course.
- Food and accommodation free
- Day scholars are indeed permitted from in and around Panvel

34 Years of God's Faithfulness

**Admission open**

| Pr. P.M. Cherian | Pr. K.M. Varghese | Pr. K.A. Mathew | Evg. Varghese Kollakompil |
|---|---|---|---|
| *President* | *Vice-President* | *Secretary)* | *Administrator* |
| 9665064190 | 9822112368 | 9004053473 | 9821332273 |




# PRAY FOR IPC MAHARASHTRA STATE

## Pray for

- 470 Churches
- 470 Pastors
- 406 Prayer Cells
- 421 House churches
- Upcoming Church buildings and parsonages
- Hebron Bible College
- Suvartha Publications
- Tracts & Literature Ministry
- Sunday School, PYPA, Ladies Association
- 28 Primary Schools and Balwadies in the Villages

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93



IPC Seawoods Church, Greater Mumbai District

## Scenes from IPC Sunday School Teachers Training program at Virar, Maharashtra




Pr. K.A. Mathew - Inauguration



Br. Dany George - Leading



Arts & crafts for children



Pr. Aby P. Thomas - Vote of thanks



Action song



Participants after youth seminar at Ambapani